## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2193

10/10/2011 - ൽ മറുപടിക്ക്.

## കോവളം - കൊല്ലം ജലപാത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശശി | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോവളം - കൊല്ലം ജലപാതയ്ക്ക് വേണ്ടി 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; ഈ കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാന വിഹിതവും മറ്റ് വിഹിതവും വക കൊള്ളിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് എത്രയെന്ന് വിശദമാക്കുമോ ; | : | (എ) 91.55 കോടി രൂപ.<br>കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാന വിഹിതം വക കൊള്ളിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ജലപാതക്കായി നാളിതുവരെ ചെലവാക്കിയ കേന്ദ്ര - സംസ്ഥാന വിഹിതം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | : | (ബി) കോവളം-കൊല്ലം സംസ്ഥാന ജലപാതയുടെ പുനരുദ്ധാരണം, പാലങ്ങളുടെ നിർമ്മാണം, ജെട്ടികളുടെ നിർമ്മാണവും പുനരുദ്ധാരണവും ഉൾപ്പെടെയുള്ള പണികൾക്ക് ഇതുവരെ 16.90 കോടി രൂപ ചെലവായിട്ടുണ്ട്. കൂടാതെ 28 കോടി രൂപ ആക്കുളം കായലിന്റെ പുനരുദ്ധാരണത്തിന് വേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. |
| (സി) കോവളം മുതൽ വേളി വരെയും വേളി മുതൽ കഠിനംകുളം കായൽ വരെയും അവിടെ നിന്ന് അഞ്ചുതെങ്ങ് വരെയും അഞ്ചുതെങ്ങ് മുതൽ നടയറ കായൽ വരെയും ഉള്ള റീച്ചുകളുടെ പണി സംബന്ധിച്ച വിശദ വിവരങ്ങളും റീച്ച് തിരിച്ച് 2006 മുതലുള്ള ചെലവ് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; | : | (സി) ഉത്തരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ഡി) ഈ റീച്ചുകൾക്കു വേണ്ടി നീക്കിവെച്ച തുകയിൽ ചെലവഴിച്ചതിൽ ബാക്കി തുക റീച്ച് തിരിച്ച് വ്യക്തമാക്കാമോ ; ഇത്തരത്തിൽ തുക ചെലവഴിക്കാതെ ബാക്കി ഉണ്ടാകാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; | : | (ഡി) ഉത്തരം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. |
| (ഇ) കോവളം - കൊല്ലം ജലപാതയ്ക്കായി 13-ാം ധനകാര്യ കമ്മീഷൻ എന്തു തുക വകകൊള്ളിച്ചിട്ടുണ്ട് ; ഒരോ റീച്ചുകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ? | : | (ഇ) 4.88 കോടി രൂപ.<br>റീച്ച് - 4 നടയറ മുതൽ നടയറ കായൽ വരെ ചെ. 52.200 കി.മീ. മുതൽ 55.170 കി.മീ. വരെ. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്.